<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2759</u> <u>28-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ചികിത്സാ ധനസഹായ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും മട്ടന്നൂർ മണ്ഡലത്തിലെ എത്ര പേർക്ക് ചികിത്സാ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും മട്ടന്നൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട **16** പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട **2** പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതി വഴി സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതി വഴി സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട **23,741** പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട **10,523** പേർക്കും നാളിതുവരെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വിശദാംശവും നൽകാമോ; അപേക്ഷ നൽകുന്നതിനായി പ്രത്യേക വെബ് പോർട്ടൽ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | <u>**പട്ടികജാതി വിഭാഗം**</u><br><br>മാരകമായ രോഗങ്ങൾ ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 50,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ തുടങ്ങിയ ഗുരുതര രോഗം ബാധിച്ചവർക്ക് 1,00,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു.<br><br>നിശ്ചിത ഫാറത്തിലുള്ള ജാതി, വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതി നോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ, ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. |

അപേക്ഷ സമർപ്പിക്കുവാനും ചികിത്സാ ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുമായി ടി ഗ്രാന്റ്സ് എന്ന പ്രത്യേക വെബ് പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.

**<u>പട്ടികവർഗ്ഗ വിഭാഗം</u>**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിലുള്ള ദുരിതാശ്വാസ നിധി.

ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പി ക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ്, എന്നിവയുടെ പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ.മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

ചികിത്സാധനസാഹയം അനുവദിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.

അപകടത്തെ തുടർന്ന ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു.

ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി **1 ലക്ഷം** രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നു.

മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/-രൂപ വരെ ചികിത്സാ

| | | | |
|---|---|---|---|
| | | | സഹായം അനുവദിക്കുന്നു.<br><br>പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു.വകുപ്പ് മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>അപേക്ഷകൾ ഓൺലൈൻ മുഖേന നൽകുന്നതിനുള്ള വെബ് പോർട്ടൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ